(സി) വിലക്കയറ്റം തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സംസ്ഥാനത്തെ ന്യായവിലഷാപ്പുകൾ മുഖേനയുള്ള അരിവിതരണം ആഴ്ചയിൽ കാർഡൊന്നിന് 4·8 കിലോഗ്രാമായി 8 ആഴ്ചക്കാല ത്തേക്ക് 5-7-64 മുതൽ വർദ്ധിപ്പിച്ചു. 30-8-64 മുതൽ രണ്ടാഴ്ചത്തേക്ക് 3·6 കിലോഗ്രം അരിവീതം നൽകാനും ഉത്തരവായിട്ടുണ്ട്.

2. ഭക്ഷ്യധാന്യവ്യാപാരം ഫലപ്രദമായി നിയന്ത്രിക്കുന്നതിനു 1964-ലെ കേരള ഫുഡ് ഗ്രെയിൻസ് ഡീലേഴ്സ് ലൈസൻസിംഗ് ഓർഡർ പുറപ്പെടുവിച്ചു.

3. കേരളത്തിൽ വിവിധ ഇനം അരിയുടെ പരമാവധി വില്പനവില നിജപ്പെടുത്തിക്കൊണ്ട് 1964 ആഗസ്റ്റ് മാസത്തിൽ വില നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചു.

4. ഭക്ഷ്യധാന്യ പൂഴ്ത്തിവയ്പിനെ തടയുന്നതിനായി ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കുള്ളവർ അവരുടെ സ്റ്റോക്കുവിവരം അധികാരികളെ ബോദ്ധ്യ പ്പെടുത്തണമെന്നു അനുശാസിക്കുന്ന ഉത്തരവ് പുറപ്പെടുവിച്ചു.

5. റോളർ ഫ്ളവ്വർമില്ലുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഗോതമ്പുല്പന്നങ്ങ ളുടെ വില്പന വില നിയന്ത്രണ ഉത്തരവ് കേന്ദ്രഗവണ്മെന്റ് പുറപ്പെടുവിച്ചു.

6. പൊതുവിപണിയിലെ അരിയുടെ സ്റ്റോക്ക് കുറവു പരിഹരിക്കാൻ കേന്ദ്രഗവണ്മെന്റിൽ നിന്നും പ്രത്യേകമായി അരി അലോട്ടുചെയ്തു വാങ്ങിച്ചു ഒരുനിശ്ചിത വിലയ്ക്ക് ഉപഭോക്താക്കൾക്ക് വിത രണം ചെയ്യുന്നുണ്ട്.

7. വ്യാപാരികൾ ഭക്ഷ്യധാന്യങ്ങൾ കൂടുതലായി സ്റ്റോക്കുചെയ്യുന്നതിനെ നിരുത്സാഹപ്പെടുത്തുന്നതിനായി ഭക്ഷ്യധാന്യങ്ങൾക്ക് അനുവദിക്കാ വുന്ന ബാങ്ക് അഡ്വാൻസിന്റെ നിരക്ക് റിസർവ്വ് ബാങ്ക് വർദ്ധിപ്പിച്ചു.

8. വിലനിയന്ത്രണ ഉത്തരവുകൾ കർശനമായി നടപ്പിലാക്കുന്നതിനു വേണ്ടി കൂടുതൽ സ്റ്റാഫിനെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്.

വിദ്യാഭ്യാസപരിഷ്ക്കാരംമൂലം കൂടുതൽ ചെലവ്

* 24. [17] ശ്രീ. കെ. ഹസ്സൻ ഗനി: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വിദ്യാഭ്യാസ പരിഷ്ക്കാരംമൂലം കൂടുതൽ ചെലവ് എത്ര വരും;

(ബി) പരിശോധനയ്ക്കായി എത്ര ഇൻസ്പെക്ടർമാരെയാണ് നിയ മിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇൻസ്പെക്ഷൻ കൂടാതെ മറ്റേതെങ്കിലും ജോലികൂടി ഇവരിൽ നിക്ഷിപ്തമാണോ;

(ഡി) സ്കൂളുകളിൽ അറബി പഠനം പരിശോധിക്കുന്നതിനു പ്രത്യേകം ഇൻസ്പെക്ടറെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇതുവരെ തീരുമാനമെടുത്തിട്ടുള്ള ഇനങ്ങൾക്ക് പ്രതിവർഷം പതിനൊന്നുലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) നാൽപ്പത്തിഎട്ട് സബ്ജക്ട് ഇൻസ്പെക്ടർമാരെയാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) പ്രധാനമായും ഇൻസ്പെക്ഷൻജോലി തന്നെയാണ് ഇവരിൽ നിക്ഷിപ്തമായിട്ടുള്ളത്. എന്നാൽ അതോടൊപ്പംതന്നെ അദ്ധ്യയനത്തിന്റെ സാങ്കേതികവും ശാസ്ത്രീയവുമായ കാര്യങ്ങളിൽ അദ്ധ്യാപകർക്ക് ശരിയായ നിർദ്ദേശങ്ങൾനൽകുക, മാതൃകാപാഠങ്ങൾ എടുക്കുക, അദ്ധ്യയനസംബന്ധമായി അദ്ധ്യാപകർക്ക് നേരിടുന്ന പ്രശ്നങ്ങൾക്ക് സ്ഥലം പരിശോധനയെ തുടർന്ന് യോജിച്ച ചർച്ചകൾ നടത്തിപരിഹാരം കാണുക എന്നീ ചുമതലകളും ഇവരിൽ നിക്ഷിപ്തമാണ്. ഇതിനുംപുറമേ മദ്ധ്യവേനൽ ഒഴിവുകാലത്ത് അദ്ധ്യാപകർക്ക്വേണ്ടി റിഫ്രഷർകോഴ്സുകൾ, സെമിനാറുകൾ മുതലായവ നടത്തുന്നതിനും ഇവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതാണ്.

(ഡി) അറബി പഠനം പരിശോധിക്കുന്നതിനു മുസ്ലീം വിദ്യാഭ്യാസ ഇൻസ്പെക്ടർമാർ ഉണ്ട്.

പോലീസ് ഐ. ജി. യെപ്പറ്റിയുള്ള ആരോപണങ്ങളെ സംബന്ധിച്ച അന്വേഷണം

* 25. [21] ശ്രീ. എസ്സ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഐ. ജി. യുടെ മേൽ ഗൗരവതരമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടും, ഇതു സംബന്ധിച്ചുള്ള ചില രേഖകളുടെ ഫോട്ടോകോപ്പി പ്രസിദ്ധം ചെയ്തുകൊണ്ടും 1964 ജൂലായ് 29-ാം തീയതിയിലെ ജനയുഗം, നവജീവൻ പത്രങ്ങളിൽ വന്ന വാർത്ത ഗവൺമെന്റ്ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതേപ്പറ്റി അന്വേഷിക്കുകയും ഐ. ജി. യുടെ പേരിൽ വല്ല നടപടി നടത്തുകയും ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്ത് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ട്.

(ബി, സി) യാതൊരന്വേഷണവും ആവശ്യമില്ല. ആരോപണം കൊണ്ടുവന്ന സമയത്തുതന്നെ ആ കാര്യങ്ങളെപ്പറ്റി അന്വേഷണം നടത്തിയിരുന്നു.

പബ്ലിക്ക് സർവ്വീസ് കമ്മീഷനംഗത്തിന്റെ നിയമനം

* 26. [22] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ ഇപ്പോഴുള്ള അംഗങ്ങളെത്ര ;

(ബി) പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ ഉണ്ടായിട്ടുള്ള ഒഴിവിൽ ഒരാളെ നിയമിക്കുവാനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണമെന്ത് ;

(സി) ആ ഒഴിവിൽ ഒരു ഹരിജനെ ഉടനടി നിയമിക്കുവാൻ സൗകര്യമുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly